# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 10 ബുധൻ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**പ്രളയം അതിജീവനം**

## വീട് നഷ്ടമായവർക്ക് കൂട്ടായി കെയർഹോം പദ്ധതി: പുതിയ വീട്ടിൽ പുഞ്ചിരിയുമായി സുനിൽ കുമാർ

സംസ്ഥാന സഹകരണ വകുപ്പിന്റെ കെയർ ഹോം പദ്ധതിയിൽ പുതിയ വീട് സ്വന്തമാക്കി മാള കുണ്ടൂർ സ്വദേശി പൊക്കാംഞ്ചേരി സുനിൽ കുമാർ എന്ന കർഷകൻ. വെള്ളപ്പൊക്കത്തിൽ പൊലിഞ്ഞുപോയ ജീവിതത്തിന്റെ താളപ്പിഴ സർക്കാർ സഹായത്തോടെ നേരെയാക്കാൻ ശ്രമിക്കുകയാണ് ഈ കുണ്ടൂർ വയലാർ സ്വദേശി. കെയർ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തി കുഴൂർ സർവീസ് സഹകരണ ബാങ്ക് വഴിയാണ് സുനിലിന്  വീട് ലഭിച്ചത്. മൂന്നു മുറികളും അനുബന്ധ സൗകര്യങ്ങളുമായി അഞ്ചു മാസം കൊണ്ട് കെയർ ഹോം ഭവനത്തിന്റെ പണി പൂർത്തിയായി. കൂടുതൽ സൗകര്യമുള്ള ഭവനങ്ങൾ പണിയുന്നതിന് സ്ക്വയർഫീറ്റിന് 1000 രൂപ വീതം തിരിച്ചടവ് വായ്പ സൗകര്യവും ബാങ്ക് ഏർപ്പെടുത്തിയത് സുനിലിന്റെ വീടെന്ന സ്വപ്നത്തിന് കൂടുതൽ നിറം നൽകി.

പ്രളയ  കാലത്ത് ചാലക്കുടിപ്പുഴ നിറഞ്ഞൊഴുകിയപ്പോൾ സ്കൂൾ ക്യാമ്പിലേക്ക് പോയ സുനിലും കുടുംബവും തിരിച്ചെത്തിയത് വെള്ളം കയറി ഭിത്തികൾക്കെല്ലാം നാശം സംഭവിച്ച വീട്ടിലേക്കാണ്. കുണ്ടൂർ ഗവ. എൽ പി സ്കൂളിൽ എട്ട് ദിവസം നീണ്ടു നിന്ന ദുരിതാശ്വാസ ക്യാമ്പിലേക്ക് സുനിലും കുടുംബവും മാറി താമസിച്ചിരുന്നു.  ദുരന്തം പേറിയ മനസ്സുമായി തിരിച്ചെത്തിയപ്പോൾ കണ്ടത് വീഴാറായി നിൽക്കുന്ന സ്വന്തം വീടാണ്. നാലു മുറി, അടുക്കള, ഹാൾ എന്നീ സൗകര്യങ്ങൾ ഉണ്ടായിരുന്ന  വീട് ഏതു നിമിഷവും നിലം പതിക്കാം എന്ന അവസ്ഥയിലായിരുന്നു. അപകടാവസ്ഥയിൽ നിൽക്കുന്ന വീട്ടിലേക്ക് താമസം ഒഴിവാക്കണം എന്ന അധികൃതരുടെ നിർദ്ദേശം സുനിയും കുടുംബവും കണക്കിലെടുത്തു.

പുതിയ വീടിന്റെ പണി പൂർത്തിയാകുന്നത് വരെ ബന്ധു വീട്ടിലാണ് സുനിലും കുടുംബവും താമസിച്ചത്.  ഭാര്യയും രണ്ടുകുട്ടികളും രോഗാവസ്ഥയിലായ അമ്മയും അമ്മായിയും അടങ്ങുന്നതാണ് കർഷകനായ സുനിലിന്റെ കുടുംബം. വെള്ളം പടിപടിയായി എത്തി പ്രദേശമാകെ പിടിയിലാക്കുമ്പോൾ ഇനി എന്ത് ചെയ്യും എന്ന ചോദ്യം മനസ്സിനെ വേട്ടയാടിയിരുന്നതായി സുനിൽ പറയുന്നു. വീട്ടിലും കയറാൻ കഴിയാത്ത അവസ്ഥയായപ്പോൾ ആകെ തളർന്നു. സർക്കാരിന്റെ കെയർഹോം പദ്ധതിയാണ് ഞങ്ങൾക്ക് പുതിയ വീടും ജീവിതവും തന്നത്. അതിൽ ഏറെ സന്തോഷമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പ്രളയം അതിജീവന പാതയിൽ വീണ്ടെടുപ്പിന്റെ മുഖമായി മാറുകയാണ് സുനിലും കുടുംബവും.

## ഇ-ഗ്രാന്റ്സ് ശിൽപശാല 12 ന്

പട്ടികജാതി വികസന വകുപ്പ് പോസ്റ്റ് മെട്രിക്ക് പ്ലസ് ടു തലം മുതൽ ആനുകൂല്യ വിതരണ പദ്ധതിയായ ഇ-ഗ്രാന്റ്സ് സംബന്ധിച്ച അവബോധം നൽകുന്നതിനായി ശിൽപശാല സംഘടിപ്പിക്കുന്നു. ജൂലൈ 12 രാവിലെ 10.30 ന് തൃശൂർ ടൗൺഹാളിലാണ് ശിൽപശാല. എല്ലാ പോസ്റ്റ് മെട്രിക്ക് സ്ഥാപന മേധാവികളും പങ്കെടുക്കണമെന്ന് ജില്ലാ പട്ടികജാതി വികസന ഓഫീസർ അറിയിച്ചു. ഫോൺ : 0487-2360381.

# വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ മാതൃകയായി കയ്പമംഗലം: പൊതുവിദ്യാഭ്യാസ ഡയറക്ടർ 12 ന് സന്ദർശിക്കും

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്ത് മികച്ച രീതിയിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തി മാതൃകയായി കയ്പമംഗലം നിയോജകമണ്ഡലം. മണ്ഡലത്തിലെ വിദ്യാഭ്യാസരംഗത്ത് നടക്കുന്ന വികസന പ്രവർത്തനങ്ങളെ കുറിച്ച് പഠിച്ച് വിലയിരുത്തുന്നതിന്റെ ഭാഗമായി

പൊതു വിദ്യാഭ്യാസ ഡയറക്ടർ ജീവൻ ബാബു മണ്ഡലം സന്ദർശിക്കും. ജൂലൈ 12ന് രാവിലെ 10ന് പെരിഞ്ഞനം ഗവ.യു.പി സ്കൂളിൽ നടക്കുന്ന പരിപാടിയിൽ നിയോജക മണ്ഡലത്തിലെ സ്കൂളുകളിൽ ഈ അക്കാദമിക വർഷം നടപ്പാക്കാൻ പോകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനായി ശിൽപശാലയും നടത്തും.

വിദ്യാഭ്യാസയജ്ഞം കൂടുതൽ ലളിതമാക്കുക എന്ന ലക്ഷ്യത്തോടെ ഇ.ടി. ടൈസൺ മാസ്റ്റർ എംഎൽഎയുടെ നേതൃത്വത്തിൽ നടപ്പാക്കിയ അക്ഷരകൈരളി വിദ്യാഭ്യാസ പദ്ധതിയിലൂടെയാണ് മണ്ഡലത്തിലെ വിദ്യാഭ്യാസ വികസനങ്ങൾക്ക് തുടക്കം കുറിക്കുന്നത്. 2016-17 ൽ ആരംഭിച്ച പദ്ധതി സംസ്ഥാനത്തെ മറ്റ് നിയോജകമണ്ഡലങ്ങളിൽ നിന്ന് വ്യത്യസ്തമായൊരു വിദ്യാഭ്യാസപദ്ധതിയായാണ് നിലനിൽക്കുന്നത്. അക്ഷരകൈരളി പദ്ധതിയുടെ ഭാഗമായി 11 ഉപഗ്രൂപ്പുകൾ രൂപീകരിച്ചു വിവിധ പദ്ധതികൾ അതിലൂടെ നടപ്പാക്കുകയാണ് ആദ്യം ചെയ്തത്. വായനാവസന്തം, സയൻഷ്യ, കലാമുറ്റം, സ്വരക്ഷ, സുമേധ, ഐ.ടി, ചാരുത, സോഷ്യൽ സയൻസ്, ഗണിതം, ഇംഗ്ലീഷ്, തളിർ എന്നീ 11 ഗ്രൂപ്പുകളും വ്യത്യസ്തമായ ലക്ഷ്യങ്ങളോടെയാണ് പ്രവർത്തിക്കുന്നത്. എംഎൽഎ ചെയർമാനായി, പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകുന്ന, വിദ്യാഭ്യാസരംഗത്ത് പ്രാവീണ്യം നേടിയവരും പ്രഗത്ഭരുമായ ആളുകൾ കൺവീനർമാരായ സമിതിയാണ് ഗ്രൂപ്പിനെ നയിക്കുന്നത്.

മണ്ഡലത്തിലെ വിദ്യാർത്ഥികളെ സിവിൽ സർവീസ് പരീക്ഷയ്ക്ക് തയ്യാറെടുപ്പിക്കുന്ന സുമേധ, വിദ്യാർത്ഥികളുടെ സയൻസ് പരീക്ഷണങ്ങൾ ഏകോപിപ്പിക്കാൻ ഉതകുന്ന സയൻഷ്യ, ലഹരി ഉപയോഗത്തിൽ നിന്ന് കുട്ടികളെ വിമുക്തരാക്കി ആരോഗ്യബോധവത്കരണം നടത്തുന്ന സ്വരക്ഷ, വായനയിലേക്ക് കുട്ടികളെ ആകർഷിക്കുന്ന വായനാവസന്തം, പൊതുവിദ്യാഭ്യാസരംഗത്ത് പഠിക്കുന്ന കുട്ടികൾക്ക് ഇംഗ്ലീഷ് എളുപ്പമാക്കാൻ ഇംഗ്ലീഷ്, കുട്ടികളിലെ ചരിത്രാന്വേഷണം ഏകോപിപ്പിക്കാൻ സോഷ്യൽ സയൻസ്, പഠനം കമ്പ്യൂട്ടർ വഴി നടപ്പാക്കുന്ന ഐ.ടി, പുറമെയുള്ള അധ്യാപകരെ കൂടി ഉൾപ്പെടുത്തി കണക്കിനെ എളുപ്പമാക്കുന്ന ഗണിതം, കാർഷിക സംസ്കാരം കുട്ടികളിൽ രൂപപ്പെടുത്തിയെടുക്കാൻ തളിർ, ഭിന്നശേഷിക്കാരായ കുട്ടികളുടെ അമ്മമാർക്ക് കൂടി ഗുണം നൽകുന്ന ചാരുത എന്നീ പദ്ധതികൾ വിജയകരമായതോടെ കൂടുതൽ പദ്ധതികൾ ആസൂത്രണം ചെയ്യാൻ സമിതി തീരുമാനിക്കുകയായിരുന്നു.

മണ്ഡലത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകാൻ സംഘടിപ്പിക്കുന്ന ശിൽപ്പശാല പൊതുവിദ്യാഭ്യാസ ഡയറക്ടർ ജീവൻബാബു ഉദ്ഘാടനം ചെയ്യും. ഇ.ടി. ടൈസൺ മാസ്റ്റർ എം.എൽ.എ അധ്യക്ഷത വഹിക്കും. ജില്ലാതല ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, അധ്യാപകർ, പി.ടി.എ അംഗങ്ങൾ, വിദ്യാഭ്യാസ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുക്കും.

# അധികമുള്ള ജലം പടവുകളിലേക്ക് നിറയ്ക്കണം: എക്സിക്യൂട്ടീവ് എഞ്ചിനീയർ

കാലവർഷം മൂലമുള്ള മഴയുടെ ലഭ്യതയിൽ വൻ കുറവുള്ളതിനാൽ, ശുദ്ധജലം സംഭരിക്കുന്നതിനായി, കർഷകർ, കോൾ ചാലുകളിൽ അധികമുള്ള ജലം പടവുകളിലേയ്ക്ക് നിറച്ച് സഹകരിക്കണമെന്ന് ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. തൃശൂർ ജില്ലയിലെ കോൾ നിലങ്ങളിലേയ്ക്ക് ഓരു വെള്ളം കയറാതിരിക്കുന്നതിനായി ഇടിയഞ്ചിറ, മുനയം, ഏനാമാക്കൽ എന്നിവിടങ്ങളിൽ നിർമ്മിച്ചിട്ടുള്ള താൽക്കാലിക ബണ്ടുകളിലെ ജലനിരപ്പ് പരമാവധി സംഭരണ ശേഷിയിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ബണ്ടുകൾ തകർന്ന് ശുദ്ധ ജലം കടലിലേയ്ക്ക് ഒഴുകിപ്പോകാനുള്ള സാധ്യതയുണ്ടെന്നും അറിയിച്ചു.

## ജലരക്ഷ-ജീവരക്ഷ
## യോഗം ഇന്ന് (ജൂലൈ 11)

ജലരക്ഷ ജീവരക്ഷയുടെ ഭാഗമായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ അന്തിക്കാട് ബ്ലോക്കിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പിടിഐ പ്രസിഡന്റുമാരും ബ്ലോക്ക് പ്രസിഡന്റുമാരും പഞ്ചായത്ത് പ്രസിഡന്റുമാരും പങ്കെടുക്കുന്ന യോഗം ഇന്ന് (ജൂലൈ 11) രാവിലെ 11 ന് ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേരും.

### അലർജി-ആസ്തമ, മൈഗ്രേൻ, ഓട്ടിസം
## ഹോമിയോപ്പതി സ്പെഷ്യൽ ക്ലിനിക്ക് ഉദ്ഘാടനം ചെയ്തു

തൃശൂർ ജില്ലാ ഹോമിയോപ്പതി ആശുപത്രിയിൽ അലർജി-ആസ്തമ, മൈഗ്രേൻ, ഓട്ടിസം എന്നീ സ്പെഷ്യൽ ക്ലിനിക്കുകളുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എൻ കെ ഉദയപ്രകാശൻ അദ്ധ്യക്ഷത വഹിച്ചു. തൃശൂർ കോർപ്പറേഷൻ ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ എം എൽ റോസി മുഖ്യാതിഥിയായി. ജില്ലാ പഞ്ചായത്ത് വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ജെന്നി ടീച്ചർ, നാഷണൽ ആയുഷ്മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. എൻ വി ശ്രീവത്സ് എന്നിവർ സംസാരിച്ചു. സ്പെഷ്യൽ ഒപികളുടെ പദ്ധതിയെപ്പറ്റി ജില്ലാ ഹോമിയോപ്പതി മെഡിക്കൽ ഓഫീസർ ഡോ. മറിയാമ്മ ജോൺ വിശദീകരിച്ചു. ജില്ലാ ഹോമിയോ ആശുപത്രി സൂപ്രണ്ട് ഡോ. എസ് സബിരാജ് സ്വാഗതവും ആർഎംഒ ഡോ. എം നിധിൻ പോൾ നന്ദിയും പറഞ്ഞു. അലർജി-ആസ്തമ ക്ലിനിക്ക് പൂത്തോളിലെ ജില്ലാ ഹോമിയോ ആശുപത്രിയിൽ എല്ലാ ദിവസവും മൈഗ്രേൻ ക്ലിനിക്ക് ബുധനാഴ്ചകളിലും ഓട്ടിസം ക്ലിനിക് ശനിയാഴ്ചകളിലും പ്രവർത്തിക്കും. പ്രസ്തുത ക്ലിനിക്കിൽ ബുക്കിങ് നിർബന്ധമാണ്. ഫോൺ : 0487-2389063.

## നാഷണൽ ലോക് അദാലത്ത് 13 ന്

ഭൂമി വില കുറച്ചു കാണിച്ച് രജിസ്റ്റർ ചെയ്ത ആധാരങ്ങളെ സംബന്ധിച്ചുള്ള അണ്ടർവാല്വേഷൻ കേസുകൾ തീർപ്പാക്കുന്നതിനായി ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സംഘടിപ്പിക്കുന്ന നാഷണൽ ലോക് അദാലത്ത് ജൂലൈ 13 ന് തൃശൂർ ജില്ലാ കോടതി സമുച്ചയത്തിൽ നടത്തുന്നു. ജില്ലയിലെ 30 സബ് രജിസ്ട്രാർ ഓഫീസുകളുമായി ബന്ധപ്പെട്ടുള്ള 624 അണ്ടർവാല്വേഷൻ കേസുകളാണ് അദാലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയുടെ നോട്ടീസ് ലഭിച്ച വ്യക്തികൾക്ക് അദാലത്തിൽ പങ്കെടുത്ത് അണ്ടർവാല്വേഷൻ നടപടികളിൽ നിന്നും റവന്യൂ റിക്കവറി നടപടികളിൽ നിന്നും ഒഴിവാകുന്നതാണെന്ന് ജില്ലാ രജിസ്ട്രാർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് തൃശൂർ ചെമ്പൂക്കാവിലുള്ള ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ : 0487-2331439.

## 'വിശപ്പുരഹിത പഴയന്നൂർ' രണ്ടാം വർഷത്തിൽ

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 'വിശപ്പുരഹിത പഴയന്നൂർ' പദ്ധതി വിജയകരമായ രണ്ടാം വർഷത്തിൽ. വിശപ്പ് രഹിത ബ്ലോക്ക് പഞ്ചായത്ത് എന്ന ആശയത്തോടെ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ കിടപ്പു രോഗികൾക്ക് ഒരു നേരത്തെ സമ്പൂർണ പോഷകാഹാരം ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കഴിഞ്ഞ വർഷം ഏപ്രിൽ മാസത്തോടെ ആരംഭിച്ചതാണ് പദ്ധതി. 17 ലക്ഷം രൂപ വാർഷികച്ചിലവിലേക്ക് വകയിരുത്തി ബ്ലോക്ക് പരിധിയിലെ ആറ് ഗ്രാമപഞ്ചായത്തുകളിൽ 108 വാർഡുകളിലായി 457 കിടപ്പു രോഗികൾക്കാണ് പദ്ധതി പ്രകാരം ഭക്ഷണം എത്തിച്ചിരുന്നത്.

ബ്ലോക്ക് പഞ്ചായത്തിന്റെ പ്രൈമറി പാലിയേറ്റീവ് പ്രവർത്തകരും സെക്കണ്ടറി തല പാലിയേറ്റീവ് നഴ്സ്, ആശാ പ്രവർത്തകർ എന്നിവരടങ്ങുന്ന സംഘമാണ് ഭക്ഷണം തയ്യാറാക്കുന്നതിനും വിതരണം ചെയ്യുന്നതിനും നിയോഗിക്കപ്പെട്ടത്. കൂടാതെ അങ്കണവാടി

കുട്ടികൾക്കുള്ള പോഷകാഹാരങ്ങൾ തയ്യാറാക്കുന്നതിന് ചൈൽഡ് ഡെവലപ്മെൻറ് പ്രോജക്ട് ഓഫീസർ, സൂപ്പർവൈസർ, അങ്കണവാടി വർക്കർമാർ അടക്കമുള്ളവരെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കുന്ന അരിയും, ചെറുപയറും അനുബന്ധ സാധനങ്ങളും ഉപയോഗപ്പെടുത്തിയാണ് ഭക്ഷണവിഭവങ്ങൾ തയ്യാറാക്കുന്നത്. 108 കുടുംബശ്രീ ഏരിയ ഡവലപ്മെന്റ് സൊസൈറ്റികളുടെ സഹകരണത്തോടെയാണ് വാർഡുകളിലേക്ക് ഭക്ഷണം എത്തിച്ചുകൊണ്ടിരുന്നത്. ഒരു ബ്ലോക്ക് പഞ്ചായത്തിനെ പരിപൂർണമായും പട്ടിണി വിമുക്തമാക്കുന്ന മാതൃകാപരമായ ഈ പദ്ധതിയുടെ പ്രവർത്തനോദ്ഘാടനം കേരള നിയമസഭാ സ്പീക്കർ ശ്രീരാമകൃഷ്ണനാണ് നിർവ്വഹിച്ചത്. 'വിശപ്പുരഹിത പഴയന്നൂർ' പദ്ധതി യാഥാർത്ഥ്യത്തിലെത്തിച്ചു കൊണ്ടിരിക്കുകയാണ് പഴയന്നൂരിലെ ജനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും.

## സോളാർ ഓൺലൈൻ യുപിഎസ്: അപേക്ഷ ക്ഷണിച്ചു

ഒന്നു മുതൽ 25 കിലോവാട്ട് വരെ വൈദ്യുതശേഷിയുള്ള സോളാർ ഓൺലൈൻ യുപിഎസ് ഗവണ്മെന്റ് സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്കായി അനെർട്ട് അപേക്ഷ ക്ഷണിച്ചു. ചെലവിന്റെ 30 ശതമാനം തുക സബ്സിഡി ആയി ലഭിക്കും. അപേക്ഷ ജൂലൈ 15 നകം അനെർട്ട് വെബ്സൈറ്റായ www.anert.gov.in രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് 1800 425 1803 എന്ന ടോൾ ഫ്രീ നമ്പറിലും അനെർട്ട് തൃശ്ശൂർ ജില്ലാ ഓഫീസുമായും ബന്ധപ്പെടാം. സൗരോർജ്ജ വൈദ്യുതിയിലൂടെ നിലവിലെ വൈദ്യുതബിൽ ഗണ്യമായി കുറക്കുവാൻ സാധിക്കും. ആവശ്യമായ വൈദ്യുതിക്ക് അനുസൃതമായി ലോഡിലേക്ക് വൈദ്യുതി പ്രവഹിക്കുവാൻ കഴിയും എന്നതാണ് സോളാർ ഓൺലൈൻ യുപിഎസ്സിന്റെ പ്രത്യേകത. ഏതെങ്കിലും കാരണത്താൽ സൗരോർജ്ജലഭ്യത കുറയുകയാണെങ്കിൽ ശൃംഖലയിൽ നിന്നുള്ള വൈദ്യുതി ഉപയോഗിക്കുവാനും ഇതിലൂടെ സാധിക്കും. വൈദ്യുത ഉപയോഗത്തിനനുസരിച്ച് വ്യത്യസ്ത മാതൃകകളിലുള്ള ഓൺലൈൻ യുപിഎസ്സുകൾ ലഭ്യമാണ്. ഫോൺ : 0487-2320941.

## മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി: അപേക്ഷ ക്ഷണിച്ചു

തൃശൂർ ജില്ലയിലെ മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയനുസരിച്ച് തീറ്റപ്പുൽ കൃഷിത്തോട്ടം ഉണ്ടാക്കുന്ന ക്ഷീരകർഷകർക്ക് ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു. തീറ്റപ്പുൽക്കടകൾ സൗജന്യമായി വിതരണം ചെയ്യും. അസോള കൃഷി നടപ്പാക്കുന്നതിനും ധനസഹായം നൽകും. പദ്ധതിപ്രകാരം ഒരു പശു യൂണിറ്റ്, രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കിടാരി യൂണിറ്റുകൾ, കാലിത്തൊഴുത്ത് നിർമ്മാണം, കറവ യന്ത്രം വാങ്ങൽ, ആവിശ്യധിഷ്ഠിത ധനസഹായം, ഹൈഡ്രോപോണിക് യൂണിറ്റ് എന്നിങ്ങനെയുള്ള ഇനങ്ങൾക്കാണ് ധനസഹായം. താൽപര്യമുള്ള കർഷകർ ജില്ലയിലെ ബ്ലോക്ക്തല വികസന ഓഫീസുകളിൽ ജൂലൈ 27 നകം അപേക്ഷ നൽകണം. അപേക്ഷഫോമിനും വിശദവിവരങ്ങൾക്കും ബ്ലോക്ക്തല ക്ഷീരവികസന ഓഫീസുമായി ബന്ധപ്പെടണം. ഫോൺ : 0487-2321660.

## സീറ്റ് ഒഴിവ്

ചേലക്കര സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിൽ ബി എ ഇക്കണോമിക്സ്, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ സ്പോർട്സ് ക്വാട്ടയിൽ ഏതാനും സീറ്റ് ഒഴിവുണ്ട്. അർഹരായവർ യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്ത ക്യാപ്പ് ഐഡിയും മറ്റ് അനുബന്ധരേഖ സഹിതം ജൂലൈ 15 വൈകീട്ട് മൂന്നിനകം കോളേജിൽ എത്തണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു. ഫോൺ : 04884-253090.

# മറ്റുള്ളവരുടെയും കൂടിയാണ് ലോകം: ഡോ. ശ്രീലതാ വർമ്മ

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് തൃശ്ശൂർ ജില്ലയിൽ സംഘടിപ്പിക്കുന്ന അക്ഷരയാത്രയുടെ കാൽഡിയൻ സിറിയൻ ഹയർ സെക്കൻഡറി സ്കൂളിലെ ഉദ്ഘാടനം കവിയും സംസ്കൃതസർവ്വകലാശാല അധ്യാപികയുമായ ഡോ. ശ്രീലതാ വർമ്മ നിർവഹിച്ചു. മറ്റുള്ളവരുടെയും കൂടിയാണ് ലോകമെന്നും ആ ചിന്ത ഉണ്ടായാൽ സ്വാർത്ഥത ഒഴിവാകുമെന്നും അവർ പറഞ്ഞു. ആ ചിന്തയിലേക്ക് നമ്മ നയിക്കാൻ വായനയ്ക്കാവും. അവർ പറഞ്ഞു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം സി ആർ ദാസ് അദ്ധ്യക്ഷത വഹിച്ചു. വായനമത്സരത്തിലും കാവ്യാലാപനമത്സരത്തിലും വിജയികളായ കുട്ടികൾക്കുള്ള സമ്മാനങ്ങളും സർട്ടിഫിക്കറ്റും സി ആർ ദാസ് വിതരണം ചെയ്തു. കാൽഡിയൻ സിറിയൻ ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ഡോ. അബി പോൾ, പ്രധാന അധ്യാപിക റെമി ചുങ്കത്ത് ഐ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എഡിറ്റോറിയൽ അസിസ്റ്റന്റ് നവനീത് കൃഷ്ണൻ എസ് എന്നിവർ സംസാരിച്ചു. കുട്ടികൾക്ക് ബാലസാഹിത്യ പുസ്തകങ്ങൾ പകുതിവിലയ്ക്ക് ലഭ്യമാക്കുന്ന പുസ്തകമേളയും അക്ഷരയാത്രയുടെ ഭാഗമാണ്. തൃശ്ശൂർ ജില്ലയിലെ ഏതു കുട്ടിക്കും അക്ഷരയാത്ര നടക്കുന്ന സ്കൂളുകളിൽനിന്ന് പുസ്തകങ്ങൾ വാങ്ങാം. ഒരു സ്കൂളിൽ രണ്ടു ദിവസമാണ് പുസ്തകപ്രദർശനം. തൃശ്ശൂർ കേന്ദ്രീയ വിദ്യാലയത്തിലെ അക്ഷരയാത്ര ജൂലൈ 11 ന് സാഹിത്യകാരൻ എം എൻ വിനയകുമാർ ഉദ്ഘാടനം ചെയ്യും.